**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **21-06-2024 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ വകുപ്പിന്റെ കീഴിൽ ഇതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇതുവരെ 55 സുഭിക്ഷാ ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആരംഭിച്ചതിന് ശേഷം വിവിധ കാരണങ്ങളാൽ പ്രവർത്തനം നിർത്തേണ്ടി വന്ന സുഭിക്ഷ ഹോട്ടലുകളുണ്ടോ; വിശദമാക്കാമോ; | (ബി) | 8 (എട്ട്) സുഭിക്ഷാ ഹോട്ടലുകൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിർത്തിയിട്ടുണ്ട്.<br>1. തിരുവനന്തപുരം ജില്ലയിലെ, കാട്ടാക്കട നിയോജക മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ നടത്തിയിരുന്ന ഹരിത കുടുംബശ്രീ യൂണിറ്റ് 2023 ജൂലൈ മാസത്തിനു ശേഷം ഹോട്ടൽ നടത്തിപ്പിൽ നിന്നും പിൻമാറുകയുണ്ടായി. തുടർന്ന് മറ്റൊരു ഏജൻസിയെ ഹോട്ടലിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>2. എറണാകുളം ജില്ലയിലെ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് നമ്പർ ഇല്ലാതിരുന്നതിനാൽ ലൈസൻസുകൾ എടുക്കാൻ കഴിയാതെ വന്നതിനെ തുടർന്ന് എറണാകുളം ഗവ.സെർവൻറ്റ്സ് കോപ്പറേറ്റീവ് സൊസൈറ്റി ഹോട്ടൽ നടത്തിപ്പിൽ നിന്നും പിൻമാറുകയുണ്ടായി. കെട്ടിട നമ്പർ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. എറണാകുളം ജില്ലയിലെ, കോതമംഗലം നിയോജക മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്ന കോതമംഗലം മിനി സിവിൽ സ്റ്റേഷനിലെ വാടക നിരക്ക് വർദ്ധിപ്പിച്ചതിനാൽ, പുതുക്കിയ വാടക നിരക്കിൽ പ്രവർത്തനം തുടർന്നു കൊണ്ട് പോകാൻ നിർവാഹമില്ലെന്ന് ഹോട്ടൽ നടത്തിപ്പുകാരായ പവിത്ര കുടുംബശ്രീ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4. പത്തനംതിട്ട ജില്ലയിൽ ആറന്മുള നിയോജക മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചിരുന്ന പത്തനംതിട്ട കലക്ടറേറ്റ് കോമ്പൗണ്ടിലെ കെട്ടിടം ഒഴിയണം എന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനെ തുടർന്ന് 2024 ഫെബ്രുവരി മാസത്തിൽ കെട്ടിടം ഒഴിയേണ്ടി വന്നതിനാൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്നില്ല. അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സുഭിക്ഷ ഹോട്ടൽ 2023 ഏപ്രിൽ മാസം വരെയാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് നടത്താൻ താല്പര്യപ്പെട്ട വ്യക്തി, പ്രാരംഭ ചെലവിനായി 22,915/ രൂപ ആവശ്യപ്പെടുക യുണ്ടായി. ആയത് അനുവദിക്കുന്ന മുറയ്ക്ക് ഹോട്ടൽ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.<br>6. ആലപ്പുഴ ജില്ലയിലെ അരൂർ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സുഭിക്ഷാ ഹോട്ടൽ, ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട നവീകരണം അടക്കമുള്ള പ്രവർത്തനങ്ങൾ മൂലം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.<br>7. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പ്രവർത്തിച്ചിരുന്ന സുഭിക്ഷാ ഹോട്ടലിന് വെള്ളം, വിറക്, ഗ്യാസ്, ബിൽബുക്ക്, തൊഴിലാളിശമ്പളം എന്നിവയ്ക്കായി വരുന്ന തുകയ്ക്ക് പുറമേ പ്രതിമാസം കെട്ടിട വാടകയിനത്തിൽ 18,000/- രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 7,000/- രൂപയും ചെലവ് വരുന്നുവെന്നതിനാൽ ടി സ്ഥാപനം മുൻപോട്ട് കൊണ്ടു പോകാൻ സാധ്യമല്ലായെന്ന് ചൂണ്ടിക്കാട്ടി പ്രവർത്തനം നിർത്തിയിട്ടുണ്ട്.<br>8. വയനാട് ജില്ലയിലെ വൈത്തിരിയിൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടം ദേശീയ പാതയിൽ നിന്നുള്ള നിർദ്ദിഷ്ട ദൂരപരിധി പാലിക്കാത്തതിനാൽ ഹോട്ടൽ പ്രവർത്തനത്തിനു ലൈസൻസ് നൽകുന്നില്ല. |
| (സി) | സംസ്ഥാനത്തെ സുഭിക്ഷ ഹോട്ടലുകൾക്കായി ഇതുവരെ ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ സുഭിക്ഷ ഹോട്ടലുകൾക്കായി ഇതുവരെ 5,61,82,183/- രൂപ ചെലവാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, കഴക്കൂട്ടം, നെടുമങ്ങാട്, വാമനപുരം കോവളം എന്നീ മണ്ഡലങ്ങളിലാണ് സുഭിക്ഷാ ഹോട്ടലുകൾ പ്രവർത്തിക്കുന്നത്. |
| (ഇ) | ഒരു നിയോജക മണ്ഡലത്തിൽ ഒന്നിലധികം സുഭിക്ഷ ഹോട്ടലുകൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഒരു നിയോജകമണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ എന്ന ക്രമത്തിലാണ് അനുവദിക്കുന്നത്. എന്നാൽ നിലവിൽ തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ എടവിലങ്ങ്, പെരിഞ്ഞനം എന്നീ രണ്ട് സ്ഥലങ്ങളിൽ സുഭിക്ഷാ ഹോട്ടലുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ